LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കുന്നു.

(2) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ടുള്ള സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലേയ്ക്കുവേണ്ടി അധിക സമാഹരണത്തിനുള്ള നടപടികളുടെ ഭാഗമായി 1961-ലെ കേരള ഭൂനികുതി ആക്ട് (1961-ലെ 13)2014-ലെ

LIBRARY ARCHIVES Kerala Legislative Assembly

കേരള നികുതി ചുമത്തൽ (ഭേദഗതി) ആക്ട് പ്രകാരം ഭേദഗതി ചെയ്ത് പഞ്ചായത്ത് പ്രദേശങ്ങൾ, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങൾ, ടൗൺഷിപ്പ് പ്രദേശങ്ങൾ, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ അടിസ്ഥാന നികുതി വർദ്ധിപ്പിക്കുകയുണ്ടായി. പ്രസ്തുത വർദ്ധനവ് സാധാരണ കർഷകരെ ദോഷകരമായി ബാധിക്കുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 2014-ലെ കേരള നികുതി ചുമത്തൽ (ഭേദഗതി) ആക്ടിലൂടെ കേരള ഭൂനികുതി ആക്ട് കൊണ്ടുവന്ന് വർദ്ധിപ്പിച്ച അടിസ്ഥാന നികുതിയിൽ കുറവുവരുത്താൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. നിയമസഭാ സമ്മേളനത്തിൽ അല്ലാതിരുന്നതിനാൽ ഈ ആവശ്യത്തിലേയ്ക്കായി 2015-ലെ കേരള ഭൂനികുതി ഭേദഗതി ഓർഡിനൻസും തുടർന്ന് 2016-ലെ കേരള ഭൂനികുതി ഭേദഗതി ഓർഡിനൻസും ബഹുമാനപ്പെട്ട ഗവർണ്ണർ പുറപ്പെടുവിച്ചിട്ടുള്ളത്. 2016-ലെ രണ്ടാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയിൽ ഈ ആക്ട് കൊണ്ടുവരുന്നത് ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിലെ വ്യവസ്ഥകൾക്ക് 2014 സെപ്റ്റംബർ 30-ാം തീയതി മുതൽ മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റിയുടെ ഡിസ്കഷനുശേഷം മറ്റ് കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുമ്പോൾ പറയാം.

മി. സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ, Not in the seat....ശ്രീ. സി. ദിവാകരൻ.....Not in the seat....

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ നിരാകരണപ്രമേയം അവതരിപ്പിച്ചില്ല.)

ശ്രീ. ബെന്നി ബെഹനാൻ: സർ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28-2-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ സംസാരിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ക്ലാസ് ബൈ ക്ലാസ് ആയി വരുമ്പോൾ സംസാരിക്കാം.

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം...Not in the seat....

(ശ്രീ. രാജു എബ്രഹാം സീറ്റിലില്ലാതിരുന്നതിനാൽ 2(ബി) ഭേദഗതി അവതരിപ്പിച്ചില്ല.)

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് സംസാരിക്കുന്നുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇല്ല. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ച കഴിഞ്ഞതിനുശേഷം സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1 (എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 17-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കശേഷം 1.46-ന് പിരിഞ്ഞു.)